www.malankaralibrary.com

# വിവാഹം



കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം
അടിസ്ഥാനമാക്കി തയ്യാറാക്കിയത്
ഖണ്ഡിക നമ്പർ ൧൬൦൧ മുതൽ ൧൬൬൬ വരെ

ഫാ. മാത്യു ചിറയിൽ

www.malankaralibrary.com

# വിവാഹം

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം
അടിസ്ഥാനമാക്കി തയ്യാറാക്കിയത്

ഫാ. മാത്യു ചിറയിൽ

www.malankaralibrary.com

# വിവാഹം (C.C.C 1601 to 1666)

ദമ്പതികളുടെ നന്മ/സ്നേഹം

സന്താനോത്പാദനം

മക്കളുടെ വിദ്യാഭ്യാസം

മാമോദീസ സ്വീകരിച്ച 2 വ്യക്തികൾ തമ്മിലുള്ള ഉടമ്പടി

യേശു ഒരു കൂദാശയുടെ പദവിയിലേക്ക് ഉയർത്തി.

**ദൈവിക പദ്ധതി**

ദൈവം തന്റെ ഛായയിലും, സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. ഇതാണ് വി. ഗ്രന്ഥത്തിന്റെ തുടക്കം.

കുഞ്ഞാടിന്റെ വിവാഹസദ്യയാണ് അവസാനം – വെളിപാട് 19/7–9. വിവാഹം ഒരു രഹസ്യമാണ് – ദൈവിക പദ്ധതിയാണ്. വിവാഹത്തിന്റെ കൂട്ടായ്മ സ്ഥാപിച്ചത് ദൈവമാണ് വിവാഹം വെറും മാനുഷിക സ്ഥാപനമല്ല. ദാമ്പത്യ ഐക്യത്തിന് ഏത് ദേശത്തും ശ്രേഷ്ഠതയുണ്ട്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സ്നേഹം മൂലമാണ്. ദൈവം വിവാഹം എന്ന കൂദാശയിലൂടെ സ്നേഹത്തിലേക്ക് വിളിക്കുന്നു. ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ദമ്പതികളുടെ പരസ്നേഹം ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തിന്റെ പ്രതീകമാണ്.

മനുഷ്യനെ സൃഷ്ടിച്ചു – അത് നല്ലതാണ്, വളരെ നല്ലതാണ്. ദൈവം അവരെ അനുഗ്രഹിച്ചു. സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴാക്കുവിൻ

ഉൽപത്തി 1/28 –11/31

പുരുഷൻ സ്ത്രീക്കു വേണ്ടിയും, സ്ത്രീ പുരുഷനു വേണ്ടിയും സൃഷ്ടിക്കപ്പെട്ടു. മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ല. മാംസത്തിന്റെ മാംസം.

ഉൽപത്തി. 2/18

www.malankaralibrary.com

സ്ത്രീ പുരുഷനോട് തുല്യം നിൽക്കുന്നവളാണ്. എല്ലാറ്റിനും അവനോട് അടുത്തുനിൽക്കുന്നവളാണ്. ദൈവം അവളെ പുരുഷന് സഹായിയായി നൽകി. സ്ത്രീ സഹായമായ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു. അവർ ഒരു ശരീരമായി തീരും.

ഉൽപത്തി 2/24

വിവാഹം രണ്ടു വ്യക്തികൾ തമ്മിലുള്ള അവിഭാജ്യമായ ഐക്യമാണ്. "അതിനാൽ ഇനിമേൽ അവർ രണ്ടല്ല, ഒരു ശരീരമാകുന്നു."

വി. മത്തായി 19/6.

**വിവാഹവും പാപവും** (1606)

- മനുഷ്യന് ചുറ്റും തിന്മയുടെ അനുഭവമുണ്ട്.
- സ്ത്രീ പുരുഷ ബന്ധത്തിലും ഈ അനുഭവം ദൃശ്യമാണ്. ഭിന്നിച്ച്, അധീശരുടെ ഭാവം, അവിശ്വസ്തത, അസൂയ, കലഹങ്ങൾ എന്നിവ ബന്ധത്തിനു ഭീഷണിയാണ്. അവ വഴി വെറുപ്പ്, വേർപെടൽ ഉണ്ടാകും.
- ഈ ക്രമഭംഗം രൂക്ഷമാകാം. ഈ ക്രമഭംഗം പാപം വഴി മാത്രമാണ് ഉത്ഭവിക്കുന്നത്. ആദ്യപാപം വഴി സ്ത്രീയും പുരുഷനും തമ്മിൽ കൂട്ടായ്മയിൽ വിള്ളലുണ്ടായി. പരസ്പരമുള്ള കുറ്റാരോപണങ്ങൾ അവർ തമ്മിലുള്ള ബന്ധത്തെ വികലമാക്കി. ദൈവ ദാനമായ അവരുടെ പരസ്പരാകർഷണം അധീശത്വത്തിന്റെയും ഭോഗേച്ഛയുമായ ബന്ധമായി തീർന്നു. സന്താനപുഷ്ടിയുള്ളവരായി പെരുകുവാനും ഭൂമിയെ കീഴടക്കാനും സ്ത്രീക്കും പുരുഷനും ലഭിച്ച മനോഹരമായ വിളി പ്രസവവേദനയായും, അദ്ധ്വാനത്തിന്റെ ക്ലേശത്താലും ഭാരമുള്ളതാക്കി തീർത്തു. പാപത്തിന്റെ മുറിവുണക്കാൻ ദൈവത്തിന്റെ കൃപാവരം വേണം. ദൈവം തന്നെ കരുണമൂലം അത് നിഷേധിക്കുന്നില്ല. ദൈവത്തിന്റെ സഹായം കൂടാതെ ഐക്യത്തിൽ എത്തിച്ചേരുവാനാവില്ല.

**വിവാഹവും നിയമവും**

ദൈവം കരുണയുള്ളവനാണ്. പാപിയായ മനുഷ്യനെ ഉപേക്ഷിച്ചില്ല. പാപത്തിന്റെ ഫലമായ ശിക്ഷകളാണ് പ്രസവ സംബന്ധമായ വേദനയും, നെറ്റിയിലെ വിയർപ്പുകൊണ്ടുള്ള അദ്ധ്വാനവും.

ഉൽപത്തി. 3/16, 19

www.malankaralibrary.com

മനുഷ്യന് സ്വാർത്ഥചിന്ത ഉണ്ടായി, സ്വന്തം സുഖം നേടാനുള്ള ആസക്തി ഉണ്ടായി. ഇവ തരണം ചെയ്ത് അപരനു വേണ്ടി സ്വയം തുറന്നു കൊടുക്കാനും, പരസ്പരം സഹായിക്കാനും, സ്വയം ദാനം ചെയ്യുവാനും, വിവാഹം ഒരുവനെ സഹായിക്കുന്നു.

പഴയ നിയമം പൂർവ്വ പിതാക്കന്മാരുടെയും രാജാക്കന്മാരുടെയും ബഹു ഭാര്യാത്വം തള്ളിക്കളയുന്നില്ല. മോശയുടെ നിയമത്തിൽ മനുഷ്യന്റെ ഹൃദയ കാഠിന്യത്തിന്റെ അടയാളങ്ങൾ ദൃശ്യമാണ്. റൂത്ത്, തോബിത് പുസ്തകങ്ങൾ ദമ്പതികളുടെ വിശ്വസ്തതക്കും, സ്നേഹത്തിനും സാക്ഷ്യം നൽകുന്നു. മരണത്തെപ്പോലെ ശക്തവും, ജനസഞ്ചയങ്ങൾക്കു ശമിപ്പിക്കാനാവാത്തതുമായ സ്നേഹത്തിന്റെ അതുല്യ പ്രകാശനമായി ഉത്തമഗീതത്തെ പാരമ്പര്യം എന്നും പരിഗണിക്കുന്നുണ്ട്.

**കർത്താവിലുള്ള വിവാഹം**

- ദൈവവും തന്റെ ജനമായ ഇസ്രായേലും തമ്മിലുള്ള ദാമ്പത്യ ഉടമ്പടി
- കുഞ്ഞാടിന്റെ വിവാഹ വിദത്ത് - വെളിപാട് 19/7-9
- കാനായിലെ കല്യാണ വിരുന്നിലെ യേശുവിന്റെ സാന്നിധ്യം സഭ വലിയ പ്രാധാന്യം കൽപിക്കുന്നു.
- വിവാഹത്തിന്റെ നന്മയുടെ ഉറപ്പ് ഇവിടെ കാണുന്നു. അന്നുമുതൽ വിവാഹം ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ ഫലദായകമായ അടയാളമായി കാണുന്നു.

  ദമ്പതികൾ തമ്മിലുള്ള വൈവാഹിക ബന്ധം അവിഭാജ്യമാണ്. ദൈവത്തിന്റെ തന്നെ നിശ്ചയമാണ്. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

  വി. മത്തായി 19/8

- ക്രൈസ്തവ ജീവിതത്തിന്റെ മുഴുവൻ ഉറവിടമായ ക്രിസ്തുവിന്റെ കുരിശിന്റെ ഫലമാണു ക്രൈസ്തവ വിവാഹത്തിന്റെ കൃപാവരം.
- ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കണം. ഇത് ഒരു വലിയ രഹസ്യമാണ്.

  എഫേ. 5/25-26

www.malankaralibrary.com

- ക്രിസ്തുവും സഭയും തമ്മിൽ ദാമ്പത്യ സ്നേഹത്തിന്റെ അടയാള മുണ്ട്. ക്രിസ്തുവും സഭയും തമ്മിലുള്ള ഉടമ്പടിയുടെ കൂദാശയാണ് വിവാഹം. വിവാഹ ജീവിതം വഴി കൃപാവരത്തെ സൂചിപ്പിക്കുന്നു, അത് പകർന്നു നൽകുന്നു.

  ക്രിസ്തുവാണ് നമ്മുടെ മുഴുവൻ കേന്ദ്രം. മറ്റെല്ലാ ബന്ധങ്ങളെക്കാൾ മുൻഗണനയുണ്ടതിന്. കർത്താവിന്റെ കാര്യങ്ങളിൽ ശ്രദ്ധിക്കുവാനും, അവിടുത്തെ പ്രസാദിപ്പിക്കുവാനും ക്രിസ്തു ചിലരെ വിളിക്കുന്നുണ്ട്. അതിന്റെ മാന്യതയും യേശു തന്നെ.

- സ്വർഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. ഇതു സ്വീകരിക്കാൻ കഴിവുള്ളവർ സ്വീകരിക്കട്ടെ.

വി. മത്തായി. 19/12.

വിവാഹവും, ദൈവരാജ്യത്തെ പ്രതിയുള്ള കന്യാത്വവും ദൈവത്തിൽ നിന്നാണ് വരുന്നത്. അവയ്ക്ക് അർത്ഥം നൽകുന്നത് ദൈവമായാണ്. അതിനാവശ്യമായ കൃപാവരം നൽകുന്നതും ദൈവമാണ്. ഇവ തമ്മിൽ വേർതിരിക്കാനാവില്ല. ഒന്ന് മറ്റൊന്നിനെ പോഷിപ്പിക്കുന്നു. "വിവാഹത്തെ അവമതിക്കുന്നവൻ കന്യാത്വത്തിന്റെ ശോഭക്കു മങ്ങലേൽപിക്കുന്നു. അതിനെ പുകഴ്ത്തുന്നവർ കന്യാത്വത്തെ ആദരണീയവും പ്രശോഭിതവുമാക്കുന്നു. തിന്മയുമായി തട്ടിച്ചുനോക്കുമ്പോൾ മാത്രം നല്ലതായി കാണപ്പെടുന്നതു യഥാർത്ഥത്തിൽ നല്ലതായിരിക്കുകയില്ല. നല്ലതെന്ന് എല്ലാവരും അംഗീകരിക്കുന്ന ഒന്നിനെക്കാൾ മെച്ചമായതാണ് ഏറ്റവും മികച്ച നൻമ."

വി. ജോൺ ക്രിസോസ്റ്റം

**വിവാഹത്തിന്റെ ആഘോഷം**

വധൂവരന്മാർ അനുതാപക്കൂദാശ സ്വീകരിച്ചുകൊണ്ടു വിവാഹത്തിന് ഒരുങ്ങണം. ദമ്പതികൾ സഭയുടെ മുൻപിൽ തങ്ങളുടെ സമ്മതം പ്രകടമാക്കണം. പരിശുദ്ധാത്മാവ് അവരുടെ ഉടമ്പടിയുടെ മുദ്രയും അവരുടെ സ്നേഹത്തിന്റെ വറ്റാത്ത ഉറവയും അവരുടെ വിശ്വസ്തതയെ നവീകരിക്കുന്ന ശക്തിയുമാകുന്നു.

വിവാഹ ഉടമ്പടിയിൽ ഏർപ്പെടുന്നവർ സ്വാതന്ത്ര്യമുള്ളവരും, സ്വതന്ത്രമായി തങ്ങളുടെ സമ്മതം പ്രകടമാക്കുന്നവരും മാമോദീസ സ്വീകരിച്ചവരുമായ പുരുഷനും സ്ത്രീയുമാണ്.

www.malankaralibrary.com

**സ്വതന്ത്രരായിരിക്കുക**

1. സമ്മർദ്ദത്തിനു വഴങ്ങാതിരിക്കുക

2. സമ്മതത്തിന്റെ അഭാവത്തിൽ വിവാഹം നടക്കുന്നില്ല.

3. പങ്കാളികൾ പരസ്പരം നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന മാനുഷിക പ്രവൃത്തിയാണ് സമ്മതം. ദമ്പതികളെ പരസ്പരം ബന്ധിക്കുന്ന ഈ സമ്മതം രണ്ടുപേരും ഒരു ശരീരമായിത്തീരുന്നതിൽ പൂർത്തീകരിക്കപ്പെടുന്നു.

4. നിർബന്ധത്തിൽ നിന്നും, ഗൗരവമുള്ള ബാഹ്യ ഭീഷണിയിൽ നിന്നും വിമുക്തരായ വ്യക്തികളുടെ ഇച്ഛാശക്തിയുടെ പ്രവർത്തനമാകണം സമ്മതം. ഒരു മാനുഷിക ശക്തിക്കും ഈ സമ്മതത്തിനു പകരം നൽകാനാവില്ല. ഈ സ്വാതന്ത്ര്യമില്ലെങ്കിൽ വിവാഹം അസാധുവാണ്.

വൈദികൻ സഭയുടെ നാമത്തിൽ ദമ്പതികളുടെ സമ്മതം സ്വീകരിക്കുന്നു. അവർക്ക് സഭയുടെ ആശീർവ്വാദം നൽകുന്നു. 2 സാക്ഷികളുടെ സാന്നിദ്ധ്യം വിവാഹം ഒരു സദാത്മക യാഥാർത്ഥ്യമാണെന്നു വെളിവാക്കുന്നു. വിവാഹം ഒരു ആരാധന കർമമാണ്. അതിനാൽ സഭയുടെ പൊതു ആരാധനയിൽ അത് ആഘോഷിക്കുന്നു. വിവാഹം ഒരാളെ സഭാപരമായ ഒരു പദവിയിലേക്ക് പ്രവേശിപ്പിക്കുന്നു. അതുവഴി സഭയിൽ അവകാശങ്ങളും കടമകളും ഉളവാക്കുന്നു.

വിവാഹം ഒരു ജീവിതാവസ്ഥയാണ്. അതെപ്പറ്റി ഒരുറപ്പ് ആവശ്യമാണ്. അതിനാൽ സാക്ഷികൾ ഉണ്ടായിരിക്കണം.

- സമ്മതം നൽകുന്നത് തീരുമാനത്തിന് സംരക്ഷണം നൽകുന്നു. അതിനോടു വിശ്വസ്തത പുലർത്താൻ സഹായിക്കുന്നു.
- ദമ്പതികളുടെ സമ്മതം സ്വതന്ത്രമായിരിക്കണം, ഉത്തരവാദിത്വപൂർണമായിരിക്കണം.

മിശ്രവിവാഹത്തിലുള്ള ദമ്പതികൾ വളരെ ശ്രദ്ധിക്കണം. വിശ്വാസത്തെപ്പറ്റിയും, വിവാഹ സങ്കൽപ്പത്തെപ്പറ്റിത്തന്നെയുള്ള വ്യത്യസ്തവീക്ഷണങ്ങളും അതുപോലെ വൈവിധ്യമാർന്ന മതമനോഭാവങ്ങളും വിവാഹ ജീവിതത്തിൽ പ്രത്യേകിച്ച് കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ സംഘർഷങ്ങൾ ഉളവാക്കിയേക്കാം. ഇതര മതസ്ഥരുമായുള്ള വിവാഹത്തിന് വിവാഹം സാധ്യമാകുന്നതിന് ഈ തടസം ഒഴിവാക്കുന്ന വ്യക്തമായ കൽപന വേണം. കത്തോലിക്ക പങ്കാളി കത്തോലിക്ക സഭയിൽ കുട്ടികൾ മാമോദീസായും വിദ്യാഭ്യാസവും നൽകുവാനുള്ള കടമ

www.malankaralibrary.com

സ്വീകരിക്കുകയും അത് ആ കത്തോലിക്കാ പങ്കാളിയെ പറഞ്ഞു ധരിപ്പിക്കുകയും വേണം. കാരണം അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖേനയും അവിശ്വാസിനിയായ ഭാര്യ ഭർത്താവ് മുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു. (1 കോറി. 7/14). ഈ വിശുദ്ധീകരണം സ്വമനസ്സാലുള്ള മാനസാന്തരത്തിന് ഇടയാക്കും. അത് വലിയ സന്തോഷം നൽകും.

**അവിശ്വാസിയായ പങ്കാളിയുടെ മാനസാന്തരം**

1. ആത്മാർത്ഥമായ ദാമ്പത്യ സ്നേഹം
2. കുടുംബങ്ങളുടെ വിനയപൂർവ്വവും, ക്ഷമാപൂർവ്വവുമായ പരിശീലനം.
3. പ്രാർത്ഥനയിലുള്ള സ്ഥൈര്യം.

**വിവാഹ കൂദാശയുടെ ഫലങ്ങൾ**

1. ദമ്പതികൾ തമ്മിൽ ശാശ്വത ബന്ധം
2. കടമകൾ നിർവഹിക്കാനുള്ള ശക്തി ലഭിക്കുന്നു.

**വിവാഹ ബന്ധം**

1. ദമ്പതികൾ പരസ്പരം നൽകുകയും, സ്വീകരിക്കുകയും ചെയ്യുന്നു.
2. ദമ്പതികളുടെ സമ്മതത്തിനു ദൈവം അംഗീകാര മുദ്ര വയ്ക്കുന്നു.
3. ദൈവ നിയോഗത്താൽ സുസ്ഥിരമായ ഒരു സ്ഥാപനം ഉടലെടുക്കുന്നു.
4. സമൂഹം അത് അംഗീകരിക്കുന്നു.
5. യഥാർത്ഥ ദാമ്പത്യസ്നേഹം ദൈവസ്നേഹത്തിലേക്ക് ഉയർത്തപ്പെടുന്നു.
6. വിവാഹബന്ധം ദൈവം സ്ഥാപിച്ചതാണ്. എന്നതിനാൽ ഈ ബന്ധം ഒരിക്കലും വേർപെടുത്താൻ പാടില്ല.
7. വിവാഹം അസാധുവാക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്.
8. ദൈവത്തിന്റെ വിശ്വസ്തത ഉറപ്പുനൽകുന്ന ഒരു ഉടമ്പടി ഉത്ഭവിക്കുന്നു. ദൈവിക നിശ്ചയത്തിന് എതിരെ വിധിക്കുവാൻ സഭക്ക് അധികാരമില്ല.

www.malankaralibrary.com

**കൃപാവരം**

ദമ്പതികൾക്ക് പ്രത്യേക കൃപാവരം ഉണ്ട്. അത് അവരുടെ സ്നേഹത്തെ പൂർണമാക്കാനും അവിഭാജ്യമായ ഐക്യത്തെ ശക്തിപ്പെടുത്താനുമാണ്.

- കൃപാവരം വഴി വിശുദ്ധി പ്രാപിക്കാനും, മക്കളെ സ്വീകരിക്കുവാനും, പരിശീലിപ്പിക്കാനും പരസ്പരം സഹായിക്കുന്നു.
- കൃപാവരത്തിന്റെ ഉറവിടം ക്രിസ്തുവാണ്. ക്രിസ്തു ദമ്പതികളുടെ കൂടെ വസിക്കുന്നു. പരസ്പരം ക്ഷമിക്കാനും, വിധേയപ്പെടുവാനും ദൈവം അവർക്ക് ശക്തി നൽകുന്നു.

"വിവാഹം സഭ സംയോജിപ്പിക്കുന്നു, ശക്തിപ്പെടുത്തുന്നു. ആശീർവദിച്ച് മുദ്രിതമാക്കുന്നു. മാലാഖമാർ പ്രഘോഷിക്കുന്നു. പിതാവിനാൽ ഉറപ്പിക്കപ്പെടുന്നു. രണ്ട് വിശ്വാസികൾ തമ്മിലുള്ള ബന്ധം എത്രയോ അത്ഭുതാവഹം? അവർ സഹോദരങ്ങളാകുന്നു. ആത്മാവിലും, ശരീരത്തിലും അവിഭക്തരാകുന്നു. ഒരു ശരീരത്തിൽ രണ്ട് വ്യക്തികളാകുന്നു. ശരീരം ഒന്നായിരിക്കുന്നിടത്ത് ആത്മാവും ഒന്നാകുന്നു."

വി. നെർതുല്യൻ

**ദാമ്പത്യ സ്നേഹത്തിന്റെ അവശ്യ ഘടകങ്ങൾ**

ദാമ്പത്യ സ്നേഹത്തിന് ഒരു വ്യക്തിയുടെ ശരീരത്തിന്റെയും, ജന്മവാസനയുടെയും ആകർഷണം, വികാരത്തിന്റെയും, സ്നേഹത്തിന്റെയും ശക്തി, ആത്മാവിന്റെയും ഇച്ഛയുടെയും അഭിലാഷം എന്നിവ ഉൾച്ചേരുന്ന ഒരു സാർവത്രിക മാനമുണ്ട്. ഹൃദയത്തിന്റെയും, ആത്മാവിന്റെയും ആഴമായ ഐക്യം അതു ലക്ഷ്യമാക്കുന്നു. അവിഭാജ്യതയും, വിശ്വസ്തതയും അതാവശ്യപ്പെടുന്നു. ഫലപുഷ്ടിക്ക് വാതിൽ തുറന്നു കൊടുക്കുന്നു.

**ഏകത, അവിഭാജ്യത**

- ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ. പരസ്പരം ആത്മദാനം ചെയ്യണം.
- വിവാഹ വാഗ്ദാനത്തോട് അനുദിനം വിശ്വസ്തത പുലർത്തണം.
- നിരന്തരം പരസ്പരം കൂട്ടായ്മയിൽ വളരണം. ഒരുമിച്ചുള്ള വിശ്വാസ ജീവിതം, ഒരുമിച്ചുള്ള വി. കുർബ്ബാന സ്വീകരണം ഈ കൂട്ടായ്മയെ ആഴപ്പെടുത്തുന്നു.

www.malankaralibrary.com

- ഭർത്താവിനും, ഭാര്യക്കും തുല്യമായ അന്തസുണ്ട്. ബഹു ഭാര്യാത്വം ഇതിന് വിരുദ്ധമാണ്.

**വിശ്വസ്തത**

- ദമ്പതികളുടെ അലംഘനീയമായ വിശ്വസ്തത ആവശ്യപ്പെടുന്നു.
- പരസ്പരം നടത്തുന്ന ആത്മദാനത്തിന്റെ അനന്തര ഫലമാണ് വിശ്വസ്തത.
- 'ഇവിടെ മറ്റൊരു തീരുമാനം വരെ' എന്ന നിലപാട് സാധ്യമല്ല. ഗാഢമായ വൈവാഹിക ബന്ധവും, കുട്ടികളുടെ നന്മയും, ദമ്പതികളുടെ സംപൂർണ വിശ്വസ്തതയും അഭേദ്യമായ ഐക്യവും അനിവാര്യമാകുന്നു.
- ഉടമ്പടിയോട് ദൈവത്തിന്റെ വിശ്വസ്തതയും, സഭയോടുള്ള ക്രിസ്തുവിന്റെ വിശ്വസ്തതയുമാണ് ഇതിന്റെ ഏറ്റവും ആഴത്തിലുള്ള പ്രേരക ഘടകം.
- ജീവിതകാലം മുഴുവൻ ഒരു മനുഷ്യ വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുക വിഷകരമായി, അസാധ്യമായിപ്പോലും തോന്നാം. തങ്ങളുടെ തന്നെ വിശ്വസ്തതയിലൂടെ അവർക്ക് ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തിനു സാക്ഷ്യം നൽകാൻ കഴിയും.

**Divorce**

എങ്കിലും പലകാരണങ്ങളാലും ഒന്നിച്ചു താമസിക്കുക പ്രായോഗികമായി അസാധ്യമായിത്തീരുന്ന സാഹചര്യങ്ങൾ ഉണ്ടാകാം. അത്തരം സാഹചര്യങ്ങളിൽ ദമ്പതികൾ ശാരീരികമായി വേർപിരിയുന്നതിനും സഹവാസം അവസാനിപ്പിക്കുന്നതിനും സഭ അനുവദിക്കുന്നു. അവർ ദൈവത്തിന്റെ മുൻപിൽ ഭാര്യാ ഭർത്താക്കന്മാർ നല്ലതാകുന്നില്ല. അതിനാൽ പുതിയൊരു വിവാഹ ബന്ധത്തിനു സ്വാതന്ത്ര്യമില്ല. ഇവിടെ ഏറ്റവും നല്ല പരിഹാരം എന്നത് അനുരഞ്ജനമാണ്.

**Civil Divorce**

പല സ്ഥലങ്ങളിലും Civil കോടതി വഴി വിവാഹ മോചനം നേടി സിവിൽ നിയമമനുസരിച്ച് പുതിയ വിവാഹ ബന്ധത്തിലേർപ്പെടുന്ന ധാരാളം കത്തോലിക്കരുണ്ട്. ഇത് വ്യഭിചാരമാണ്. "ഭാര്യയെ ഉപേക്ഷിച്ച ............ വ്യഭിചാരം ചെയ്യുന്നു." (വി. മർക്കോസ്. 10/11-12). ഇവിടെ സഭ ആദ്യവിവാഹം സാധുവായിരുന്നെങ്കിൽ പുതിയ വിവാഹം അംഗീക

www.malankaralibrary.com

രിക്കാനാവില്ല എന്ന നിലപാടിൽ ഉറച്ചു നിൽക്കുന്നു. അവർ ദൈവ നിയമത്തിനു വിരുദ്ധമായ സ്ഥിതി വിശേഷത്തിൽ എത്തിച്ചേരുന്നു. ഈ സ്ഥിതിയിൽ അവർ വി. കുർബ്ബാന സ്വീകരിക്കാൻ പാടില്ല. അവർക്ക് സഭാത്മകമായ ഉത്തരവാദിത്വങ്ങൾ വഹിക്കാനും സാധ്യമല്ല. പരിപൂർണ്ണ വിരക്തിയാൽ ജീവിക്കാമെന്ന കടമ ഏറ്റെടുക്കുകയും ചെയ്യുന്നവർക്കേ അനുതാപ കൂദാശയിലൂടെ അനുരഞ്ജനം നൽകാൻ പാടുള്ളൂ. ഈ സ്ഥിതിയിൽ ജീവിക്കുന്നവരെ സഭ ശ്രദ്ധിക്കണം. സഭയിൽ നിന്ന് അക റ്റപ്പെട്ടതായി അവർക്ക് തോന്നരുത്. മാമോദീസ സ്വീകരിച്ചവരെന്ന നില യിൽ അവർക്കു സഭാജീവിതത്തിൽ പങ്കുചേരാം, പങ്കുചേരണം.

**ഫലപുഷ്ടിക്കായുള്ള തുറന്ന മനസ്**

- വിവാഹം എന്ന കൂദാശ സന്താനോത്പാദനത്തിനും അവരുടെ വിദ്യാഭ്യാസത്തിനും വേണ്ടി നിയോഗിക്കപ്പെട്ടതാണ്. മക്കളാണ് വിവാഹത്തിന്റെ പരമമായ ദാനം.
- തന്റെ കുടുംബത്തെ അനുദിനം വളർത്തുകയും ധന്യമാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സ്നേഹത്തോടു സഹകരിക്കുവാൻ ദമ്പ തികളെ സജ്ജമാക്കുകയെന്നതാണ് വിവാഹത്തിന്റെ ലക്ഷ്യം.
- മാതാപിതാക്കളാണു മക്കളുടെ പ്രഥമദ്ധ്യാപകരും, പ്രധാനാദ്ധ്യാ പകരും. വിവാഹത്തിന്റെ അടിസ്ഥാന ധർമ്മം എന്നത് ജീവന്റെ ശുശ്രൂഷയിലായിരിക്കുക എന്നതാണ്.

**ഗാർഹിക സഭ**

ക്രിസ്തു തിരുകുടുംബത്തിൽ ജനിച്ചു, വളർന്നു. സഭ ദൈവകുടും ബമാണ്. കുടുംബം ഗാർഹിക സഭയാണ്. കുടുംബമാണ് ക്രൈസ്തവ ജീവിതത്തിന്റെ പ്രഥമ വിദ്യാലയം, ഉന്നത മാനവികതയുടെ പാഠശാ ലയും.

**സംഗ്രഹം**

- ദൈവം സ്ഥാപിച്ചതാണ് വിവാഹം.
- പ്രത്യേക നിയമത്തിൽ ഉറപ്പിക്കപ്പെട്ടതാണ് വിവാഹം. ദമ്പതികളുടെ നന്മ, സന്താനോൽപാദനം, വിദ്യാഭ്യാസം ഇവയാണ് ലക്ഷ്യങ്ങൾ.
- ക്രിസ്തു വിവാഹത്തെ ഒരു കൂദാശയായി ഉയർത്തിയിരിക്കുന്നു. വിവാഹ കൂദാശ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

www.malankaralibrary.com

- പരസ്പരം സ്നേഹിക്കുന്ന ദമ്പതികൾക്ക് ദൈവം കൃപാവരം നൽകുന്നു. അത് അവരുടെ മാനുഷിക സ്നേഹപൂർണമാകുന്നു. ഐക്യത്തെ ശക്തിപ്പെടുത്തുന്നു. അവരെ വിശുദ്ധീകരിക്കുന്നു. വിവാഹ പങ്കാളികളുടെ സമ്മാനമാണ് വിവാഹത്തിന്റെ അടി സ്ഥാനം. സഭയിൽ പരസ്യമായ ഒരു ജീവിതാന്തസിൽ ദമ്പതികളെ സ്ഥാപിക്കുന്നുവെന്നതിനാൽ വിവാഹത്തിന്റെ ആഘോഷം പരസ്യ മായി ആരാധനക്കിടയിൽ പുരോഹിതന്റെയും, സാക്ഷികളുടെയും, ദൈവജനത്തിന്റെയും മുൻപാകെ നടത്തേണ്ടതാണ്. ഏകത, അവി ഭാജ്യത, ഫലഫുഷ്ടിയോടുള്ള തുറന്ന മനസ്സ് എന്നിവ വിവാഹ ത്തിന് അത്യാവശ്യമായ ഘടകങ്ങളാണ്. ബഹു ഭാര്യാത്വവും വിവാ ഹത്തിന്റെ ഏകതക്കു വിരുദ്ധമാണ്. വിവാഹ മോചനം ദൈവം യോജിപ്പിച്ചതിനെ വേർപെടുത്തുന്നതാണ്. ജീവിച്ചിരിക്കുന്ന നിയ മാനുസൃത പങ്കാളിയിൽ നിന്നും മോചനം നേടിയ വ്യക്തികളുടെ പുനർവിവാഹം ക്രിസ്തു പഠിപ്പിച്ച ദൈവിക പദ്ധതിക്കും നിയമ ത്തിനും എതിരാണ്. അവർ സഭയിൽ നിന്ന് അകറ്റപ്പെട്ടിട്ടില്ല. പക്ഷെ അവർക്ക് വി. കുർബ്ബാന സ്വീകരിക്കാൻ പാടില്ല. കുട്ടികൾക്ക് വിശ്വാസ പരിശീലനം നൽകിയെന്ന് അവർ ക്രൈസ്തവ ജീവിതം നയിക്കുന്നു. മക്കൾ വിശ്വാസത്തിന്റെ ആദ്യസന്ദേശം സ്വീകരിക്കു ന്നിടമാണു ക്രൈസ്തവ കുടുംബം. അതിനാൽ കുടുംബ ഭവനം ഗാർഹിക സഭ എന്നു വിളിക്കപ്പെടുന്നു.




**Fr Mathew Chirayil**
Catholic Archbishop's house, Marygiri, Tiruvalla
Archdiocese. 689101. Mobile- 9447932140


# വിവാഹം

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം
അടിസ്ഥാനമാക്കി തയ്യാറാക്കിയത്.
ഖണ്ഡിക നമ്പർ 1601 മുതൽ 1666 വരെ